**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **06-07-2022 - ൽ മറുപടിയ്ക്ക്**

**പതിനാലാം പഞ്ചവത്സര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ 2016-17 ന ശേഷം പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നില്ല. |
| (ബി) | എങ്കിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കും പദ്ധതികൾക്കുമാണ് സംസ്ഥാന സർക്കാർ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗ നീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്തിൽ സമൂഹത്തെ പടുത്തുയർത്തുക, മാനവശേഷി ഉപയോഗപ്പെടുത്തി ഒരു വിജ്ഞാന സമൂഹം കെട്ടിപ്പെടുക്കുകയും സമ്പദ് ഘടനയിലെ ഉല്പാദന ശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക, ശാസ്ത്രം, സാങ്കേതികവിദ്യ,ആധുനികനിപുണതകൾ എന്നിവയും കൃഷി,വ്യവസായം, പശ്ചാത്തലസൗകര്യ വികസനം, വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടേയും വളർച്ച മെച്ചപ്പെടുത്താനായി ഉപയോഗിക്കുക, ആധുനികവും തൊഴിൽദായകവും, ഉല്പാദനക്ഷമവുമായ സമ്പദ് ഘടന കെട്ടിപ്പെടുക്കുക, ഉന്നതവിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും, നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലക ശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന നയം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന സമീപനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഇതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ | (സി) | പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിന്റെ |

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | | ഭാഗമായി വിവിധ മേഖലകളിലെ പ്രശ്നങ്ങളും ആശങ്കകളും വിലയിരുത്തുന്നതിനായി പ്രസ്തുത മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 44 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ പതിനാലാം പഞ്ചവത്സരപദ്ധതി സമീപന രേഖയുടെ കരട് പ്രസിദ്ധീകരിക്കുകയും വിവിധ തലത്തിലുള്ള ചർച്ചകൾ നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ